പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 380 **13-10-2026-ൽ മറുപടിയ്ക്ക്**

ഫോർട്ട് കൊച്ചിയിലെ ലഹരിവിരുദ്ധ/ പ്രതിരോധ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഫോർട്ട് കൊച്ചി ബീച്ച്, ക്വീൻസ് വാക്ക്വേ പരിസരങ്ങളിൽ മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിന് പോലീസ് സ്വീകരിച്ചിട്ടുള്ള കർശന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഫോർട്ട് കൊച്ചി ബീച്ച്, ക്വീൻസ് വാക്ക് വേ എന്നിവിടങ്ങളിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനായി 24 മണിക്കൂറും, പ്രത്യേകിച്ച് സായാഹ്നങ്ങളിലും രാത്രി കാലങ്ങളിലും നിരന്തരമായ പോലീസ് പട്രോളിംഗും നിരീക്ഷണവും നടത്തിവരുന്നു. ഫോർട്ട് കൊച്ചി ബീച്ച് മേഖലയിൽ ഫോർട്ട് കൊച്ചി സ്റ്റേഷൻ മൊബൈൽ, CRV 1, പിങ്ക് പട്രോൾ എന്നീ പോലീസ് പാർട്ടികളും; ക്വീൻസ് വാക്ക് വേ മേഖലയിൽ സെൻട്രൽ സ്റ്റേഷൻ മൊബൈൽ, CRV 11 എന്നീ പോലീസ് പാ ർട്ടികളും പട്രോളിംഗും, കൂടാതെ, ഡാൻസാഫ് സ്ക്വാഡ്, SOG ടീമുകൾ, ജില്ലാ രഹസ്യാന്വേഷണ വിഭാഗം എന്നിവരുടെ പ്രത്യേക നിരീക്ഷണവും മിന്നൽ പരിശോധനകളും നടത്തിവരുന്നുണ്ട്. ക്വീൻസ് വാക്ക്വേ മേഖലയിലെ ലഹരിവസ്തുക്കളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനായി നിരീക്ഷണ ക്യാമറകളിലെ ദൃശ്യങ്ങളും പരിശോധിക്കുന്നുണ്ട്. പരിശോധനയിൽ ലഹരി സംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടു പിടിക്കുന്ന പക്ഷം NDPS Act പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ലൈസൻസ് ദുരുപയോഗം ചെയ്ത് പ്രവർത്തിക്കുന്ന അനധികൃത വഴിയോരക്കടകൾ പെട്ടിക്കടകൾ എന്നിവയ്ക്കെതിരെ പോലീസും ബന്ധപ്പെട്ട അധികാരികളും ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത പ്രദേശങ്ങളിൽ അനധികൃത വഴിയോരക്കടകളും പെട്ടിക്കടകളും ഒഴിപ്പിക്കുന്നതിനായി കൊച്ചി കോർപ്പറേഷൻ ആവശ്യപ്പെടുന്ന സമയങ്ങളിൽ പോലീസ് സഹായം നൽകി വരുന്നുണ്ട്.

(സി) ഈ മേഖലകളിലെ ലഹരിവിരുദ്ധ/പ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സബ് കളക്ടറെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി ആഴ്ചതോറും അവലോകനം നടത്താൻ തീരുമാനിച്ചിരുന്നതിൽ എന്തെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> സബ് കളക്ടറെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിറ്റി പ്രതിവാര അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ, ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ഇല്ലാതാക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ